# കേരളപാഠാവലി

## ക്ലാസ് 9


തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

## മൂല്യനിർണയ ചോദ്യങ്ങൾ
## യൂണിറ്റ് 3

1. **ആശയം വിശകലനം ചെയ്ത് പ്രഭാഷണം തയാറാക്കൽ**

- "ഇക്കയ്യോണ്ട് ഈ ദുനിയാവുമ്മല് പണിയെടുത്താൽ എന്തുണ്ടാവും?"

  "എല്ലാം ഉണ്ടാവും"

  "ചോറും?"

  "ആ" **- പടച്ചോന്റെ ചോറ്- ഉറൂബ്**

- "സ്വന്തം കൈകളെ കൈകളെപ്പോലെ അധികം ആളുകളും ഉപയോഗിക്കാതിരിക്കുന്നത് കൊടിയ ഒരു ദുരന്തകഥയത്രെ. പ്രകൃതി മനുഷ്യജീവികളായ നമുക്ക് നൽകിയ ആ അനുഗ്രഹത്തെ നാം പാഴാക്കിക്കളയുന്ന കുറ്റത്തിന് നമ്മുടെ മേൽ ഭയങ്കരമായ പ്രതികാരം ചെയ്യുന്നുണ്ട്."

  **-യങ് ഇന്ത്യ- ഗാന്ധിജി**

- കായികാധ്വാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള മേൽകൊടുത്തിരിക്കുന്ന നിരീക്ഷണങ്ങളുടെ സമകാലികപ്രസക്തി സമർത്ഥിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 6)*

2. **നാടൻപാട്ട് വിശകലനം ചെയ്ത് നിഗമനങ്ങൾ കണ്ടെത്തുന്നതിന്**

- പാറയ്ക്കിട്ടടി പാറയ്ക്കിട്ടടി
  പാറയ്ക്കിട്ടടി ഏലേലം

  തൊപ്പനാളുകളൊപ്പരം കൂടി
  കപ്പാറയ്ക്കിട്ടടി ഏലേലം

  ഞെട്ടട്ട് പാറ പൊട്ടട്ട് പറ
  പൊളിയട്ട് പാറ ഏലേലം

  പാറ പൊട്ടീട്ട് പാറക്കണ്ണില്
  തണ്ണികാണട്ട് ഏലേലം

  തണ്ണികോരീട്ട് കുഞ്ഞിമക്കള്
  കഞ്ഞിവയ്ക്കട്ട് ഏലേലം

  കഞ്ഞികുടിച്ചിട്ട്
  കുഞ്ഞിമക്കള്
  പയ്യകറ്റട്ട് ഏലേലം

തൊപ്പൻ = അനേകം
ഒപ്പരം = ഒന്നിച്ച്
കപ്പാറ = കൽപ്പാറ

- പണ്ടത്തെ മനുഷ്യർക്ക് തൊഴിലിനോടുണ്ടായിരുന്ന മനോഭാവമാണ് ഈ നാടൻപാട്ടിൽ പ്രതിഫലിക്കുന്നത്. വിശകലനം ചെയ്ത് കുറിപ്പുതയാറാക്കുക.

*(സ്കോർ 4)*

3. **സിനിമ ആസ്വദിക്കുകയും നിരൂപണങ്ങൾ തയാറാക്കുകയും ചെയ്യുന്നു**

'യന്ത്രമാണെന്നുവച്ചുമാത്രം ഒരു യന്ത്രത്തിനും ഞാനെതിരല്ല. എന്നാൽ അതു നമ്മെ അടിമപ്പെടുത്തുമ്പോൾ ഞാനതിനെതിരാണ്'

**- ഗാന്ധിജി**

- ഗാന്ധിജിയുടെ ഈ വീക്ഷണം തന്നെയാണ് ചാർലി ചാപ്ലിന്റെ മോഡേൺ ടൈംസ് എന്ന സിനിമയും മുന്നോട്ടു വയ്ക്കുന്നത്. നിങ്ങളുടെ അഭിപ്രായം സമർത്ഥിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 6)*

4. **സിമാനസ്വാദനം തയാറാക്കുന്നതിന്.**

"ആധുനിക യുഗത്തിൽ മനുഷ്യൻ യന്ത്രമായി മാറുന്നത് എനിക്ക് ലോകത്തോട് പറയേണ്ടതുണ്ട്. അതുകൊണ്ടാണ് ഞാൻ മോഡേൺ ടൈംസ് നിർമിച്ചത്."

- തന്റെ സിനിമയെക്കുറിച്ചുള്ള ചാപ്ലിന്റെ ഈ അഭിപ്രായത്തെ അടിസ്ഥാനമാക്കി സിനിമക്ക് ഒരു ആസ്വാദനം തയാറാക്കുക. *(സ്കോർ 6)*

5. **കഥാപാത്രനിരൂപണം തയാറാക്കുന്നതിന്.**

'മാനുഷിക മൂല്യങ്ങളെ അതിക്രൂരമായി നിഷേധിക്കുന്ന യന്ത്രവൽക്കരണത്തിന്റെ നിസ്സഹായനായ ഇരയാണ് മോഡേൺ ടൈംസിലെ ചാപ്ലിൻ കഥാപാത്രം.'

- ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മോഡേൺ ടൈംസിലെ ചാപ്ലിൻ കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക. *(സ്കോർ 6)*

6. **ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുന്നതിന്.**

- വേലക്കാരനോ യജമാനനോ എന്ന ശീർഷകം പാഠഭാഗത്തിന്റെ ആശയത്തെ എത്രമാത്രം ഉൾക്കൊള്ളുന്നു. നിരീക്ഷണങ്ങൾ കണ്ടെത്തി കുറിപ്പുതയാറാക്കുക.

*(സ്കോർ 4)*

7. **രചനകൾ വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നത്.**

'മനുഷ്യന്റെ കൈകൾ മനുഷ്യന്റെ കൈകൾ
കടുംപാറപൊട്ടിച്ചുടയ്ക്കുന്ന കൈകൾ
ഇരുമ്പൊത്തു തല്ലിത്തഴമ്പിച്ച കൈകൾ
ഉലയ്ക്കുള്ളലൂതിപ്പഴുപ്പിച്ച കൈകൾ
കലപ്പക്കഴുത്തിൽ തുടിക്കുന്ന കൈകൾ
കൊഴുക്കുന്ന ചേറിൽ പുളയ്ക്കുന്ന കൈകൾ
വിഴുപ്പായ ലോകം വിയർപ്പിൽ കുതിർത്തി
വെളുക്കുംവരെ തച്ചലക്കുന്ന കൈകൾ
മലയ്ക്കൊത്ത ഭാരം ചുമക്കുന്ന കൈകൾ
മഹാസൗധമെല്ലാം പടുക്കുന്ന കൈകൾ
ചരിത്രങ്ങളെല്ലാം പടയ്ക്കുന്ന കൈകൾ
പെരുംകാലചക്രം തിരിക്കുന്ന കൈകൾ
ഇരുട്ടത്ത് പന്തം തിരിക്കുന്ന കൈകൾ

പ്രഭാതങ്ങൾതൻ പേറെടുക്കുന്ന കൈകൾ
മനുഷ്യന്റെ കൈകൾ മനുഷ്യന്റെ കൈകൾ  **- ബാലചന്ദ്രൻ ചുള്ളിക്കാട്**

- 'അധ്വാനിക്കാനാണല്ലോ മനുഷ്യന് കൈകാലുകൾ. പ്രകൃതി നമുക്ക് നൽകിയ അനുഗ്രഹത്തെ നാം പാഴാക്കിക്കളയുന്നു.' ഗാന്ധിജിയുടെ ഈ നിരീക്ഷണംകൂടി പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക. *(സ്കോർ 6)*

8. **കാവ്യത്തിന്റെ ആശയം അപഗ്രഥിക്കുന്നതിന്.**

മരിച്ചിട്ടില്ലാ ഞങ്ങളിന്നോള-മൊരുനാളും
മരിക്കില്ലൊടുങ്ങാത്ത സൃഷ്ടിശക്തികൾ ഞങ്ങൾ
ഞങ്ങൾതൻ പ്രയാണത്തെത്തടയാനാവില്ലാർക്കും
ഞങ്ങളീപ്രപഞ്ചത്തിൻ സർഗശക്തികളത്രെ!
മാനവപ്രയത്നത്തിൻ, ശക്തിയെ ചൈതന്യത്തെ
മാനിക്കാൻ ശീലിക്കുമോ നിങ്ങളിത്തിരിനേരം

**-പ്രയാണം - വയലാർ രാമവർമ്മ**

- മനുഷ്യന്റെ അജയ്യമായ ശക്തിയെക്കുറിച്ചാണ് വയലാർ പാടിയിരിക്കുന്നത്. വിശകലനം ചെയ്ത് കുറിപ്പുതയാറാക്കുക. *(സ്കോർ 6)*

9. *വസ്തുകതൾ വിശകലനം ചെയ്ത് പ്രഭാഷണം തയാറാക്കുന്നതിന്.*




- കേരളത്തിലെ സമകാലിക പ്രശ്നങ്ങളാണ് ഈ വാർത്തകളിൽ നിറയുന്നത്. നമുക്ക് പുതിയ തൊഴിൽ സംസ്കാരം വളർത്തിയെടുക്കേണ്ടതില്ലേ? വാർത്താശകലങ്ങൾ വിശകലനം ചെയ്ത് പ്രഭാഷണം തയാറാക്കുക. *(സ്കോർ 6)*

10. **പദച്ചേരുവയുടെ ഭംഗി കണ്ടെത്തുന്നു**

- വട്ടത്തിലുള്ള കിണർ - വട്ടക്കിണർ
- ക്ഷേമവും ഐശ്വര്യവും - ക്ഷേമൈശ്വര്യങ്ങൾ

- പദങ്ങളുടെ കൂടിച്ചേരൽ പദസൗന്ദര്യത്തിനും ശക്തിക്കും കാരണമാകുന്നു. താഴെ പറയുന്ന പദങ്ങൾ ഇപ്രകാരം ചേർത്തെഴുതുക.

- പനയുടെ ഓല -
- യന്ത്രത്തോടുള്ള ഭ്രാന്ത് -
- സീതയും രാമനും ലക്ഷ്മണനും -
- കീഴിലുള്ള ജീവനക്കാരൻ - *(സ്കോർ 2)*

11. "എനിക്ക് മഴയത്തു നടക്കാനിഷ്ടം, അപ്പോൾ ആരും എന്റെ കവിളിലൂടെ ഒഴുകുന്ന കണ്ണീരു കാണില്ലല്ലോ" **- ചാർലി ചാപ്ലിൻ**

    - ലോകത്തെ കുടുകുടെ ചിരിപ്പിച്ച ചാർലിചാപ്ലിന്റെ ജീവിതവീക്ഷണമാണ് ഈ വരികളിൽ തെളിയുന്നത്. മോഡേൺ ടൈംസ് എന്ന സിനിമയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക. *(സ്കോർ 4)*

12. 
    - "ഇന്ന് എൻക്വയറി ഉണ്ടാവില്ലെന്നുണ്ടോ? കേൾക്കാത്തതുകൊണ്ടല്ല, വാച്ച്മേൻ മറുപടി പറയില്ല."
    - "കസേരയുടെ മുകളിൽ പങ്ക ഉച്ചത്തിൽ തിരിയുന്നു. സർക്കാർ സ്ഥാപനങ്ങളിൽ ആളുകൾക്കല്ല പങ്കതിരിയുന്നത്; കസേരയ്ക്കാണല്ലോ."
    - "തനിക്കുള്ളത് താൻ ചോദിച്ചുമേടിച്ചുവോ?"

      "ഇല്ല സർ."

      "തനിക്ക് ഹരിശ്ചന്ദ്രനാവാനാണെങ്കിൽ ഈ വകുപ്പിൽ ചേരേണ്ടിയിരുന്നില്ല."

    - കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കേരളത്തിലെ തൊഴിൽ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനാരോഗ്യപ്രവണതകളെപ്പറ്റി കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

13. 
    - കണ്ണിയറ്റ ചിന്ത
    - മനസ്സ് ശവപ്പറമ്പ്
    - ക്ഷമയുടെ യുഗങ്ങൾ

    - കല്ലെറിയുന്നവൻ എന്ന കഥയിലെ നായകകഥാപാത്രത്തിന്റെ മാനസിക സംഘർഷങ്ങൾ പ്രതിഫലിപ്പിക്കുന്നതിന് മേൽക്കൊടുത്ത പ്രയോഗങ്ങൾ എത്രമാത്രം ശക്തമാണ് വിശകലനം ചെയ്യുക. *(സ്കോർ 4)*

14. 'കള്ളൻകപ്പലിൽ തന്നെ' ഈ പഴഞ്ചൊല്ലിന് യോജിച്ച സന്ദർഭം 'കല്ലെറിയുന്നവർ' എന്ന കഥയിൽ നിന്ന് കണ്ടെത്തി വ്യാഖ്യാനിക്കുക. *(സ്കോർ 4)*

15. **പ്രയോഗവിശേഷങ്ങൾ മനസ്സിലാക്കി ഉചിതമായി പ്രയോഗിക്കുന്നതിന്**

    "കേരളത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനത്തിന് കവിതയെ സമരായുധമാക്കിയ കവിയാണ് വയലാർ രാമവർമ്മ"

    - ഈ വാക്യം താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ഉചിതമായ പ്രയോഗം ചേർത്ത് മാറ്റി എഴുതുക. (രായ്ക്കുരാമാനം, തൂലിക പടവാളാക്കുക, ഉരുളയ്ക്കുപ്പേരി)

    *(സ്കോർ 2)*

16. “ഇരുട്ടിൽ കാഴ്ച നഷ്ടപ്പെടുത്തുന്നതിനുമുമ്പ് അയാൾ ഒന്നു കൂടെ നോക്കി. കൈയിലെ ഫയലിന് രൂപാന്തരമുണ്ടാകുന്നു... അത് കാരിരുമ്പിന്റെ നിറമുള്ള, ഘനമുള്ള കൂർത്ത ഒരു പാറക്കല്ലായി മാറുന്നു.”

- ഈ വരികൾ വിശകലനം ചെയ്ത് കല്ലെറിയുന്നവർ എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക. *(സ്കോർ 4)*

## യൂണിറ്റ് 4

## ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരുനാടിനെ

17. • “സ്വന്തം കുഞ്ഞിന്റെ മരണത്തിന്റെ പേരിൽ നിരപരാധിയായ അമ്മ ശിക്ഷി ക്കപ്പെടാനിടയായി.”

- വിവാദങ്ങൾ ഉണ്ടാക്കുന്നതിലും അത് പെരുപ്പിക്കുന്നതിലും മാധ്യമങ്ങൾക്കുള്ള പങ്കിനെക്കുറിച്ചാണ് ‘ഈവിൾ എഞ്ചൽസ്’ൽ പ്രതിപാദിക്കുന്നത്. സമകാലിക സംഭവങ്ങൾ കൂടി പരിഗണിച്ച് യഥാർഥപത്രധർമത്തെക്കുറിച്ച് മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക. *(സ്കോർ 6)*

18. ദൃശ്യമാധ്യമങ്ങളിലെ റിയാലിറ്റി ഷോകളും കണ്ണീർ പരമ്പരകളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണം എന്ത്? പത്രാധിപർക്ക് കത്ത് തയാറാക്കുക. *(സ്കോർ 4)*

19. “ചാനലുകൾ മൂല്യച്യുതിക്ക് കാരണമാകുന്നു എന്ന പൊതുവായ ആക്ഷേപത്തിനപ്പുറം മാധ്യമങ്ങളെ എപ്രകാരം സസ്കാത്തിന്റെ സൃഷ്ടാക്കളും സംരക്ഷിതരുമാക്കാൻ കഴിയുമെന്ന ആലോചന നടക്കുന്നില്ല.”

**- പുതിയാകാശം പഴയഭൂമി**

- സംസ്കാരവും അതിനാധാരമായ മൂല്യങ്ങളും രൂപപ്പെടുത്തുന്നതിൽ ദൃശ്യമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയാറാക്കുക.

*(സ്കോർ 6)*

20. വിദ്യാലയപരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽപന നടത്തുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ട്. എന്നാൽ ചില വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപന ഇപ്പോഴും തുടരുന്നു. ഈ പ്രശ്നത്തെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയാറാക്കുക. *(സ്കോർ 4)*

21. “വനപുഷ്പത്തെപ്പോലെ ജീവിതത്തെ നിരുപയോഗമാക്കിത്തീർക്കാതിരിക്കുക.”

- സ്വദേശാഭിമാനിയുടെ വാക്യം ജീവിതത്തെക്കുറിച്ച് നിങ്ങൾക്കു നൽകുന്ന കാഴ്ചപ്പാട് എന്ത്? രണ്ടോമൂന്നോ വാക്യത്തിൽ എഴുതുക. *(സ്കോർ 2)*

22. “വാർത്തകൾ വായനക്കാരനിൽ എത്തിക്കുക എന്ന പ്രാഥമിക കർത്തവ്യത്തിന പ്പുറം പത്രാധിപർ നിർവഹിക്കേണ്ട ചുമതലകൾക്കു മാതൃകയായിരുന്നു സ്വദേശാ ഭിമാനി രാമകൃഷ്ണപിള്ള.”

- പ്രസ്താവനയെ സാധൂകരിക്കാൻ കഴിയുന്ന നാല് സൂചനകൾ എഴുതുക. *(സ്കോർ 2)*

23. “മാറിനിന്ന് കുറ്റം പറയാതെ അകത്തുകയറി പ്രയോജനപ്പെടുത്തുക എന്ന പ്രായോ ഗികസമീപനമായിരിക്കണം ടെലിവിഷനെ സംബന്ധിച്ചും നമുക്ക് ഉണ്ടാകേണ്ടത്.”

- സെബാസ്റ്റ്യൻപോളിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? യുക്തി പൂർവം സമർത്ഥിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

24. “മാധ്യമങ്ങൾ അനിവാര്യമായ സഖ്യവും സാന്നിധ്യവുമാണ്.”

- നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി ലഘൂപ ന്യാസം തയാറാക്കുക. *(സ്കോർ 4)*

25.
- ‘ദുർവിശേഷം മാത്രമല്ല സുവിശേഷവും ലോകമെങ്ങും എത്തിക്കാൻ ടെലി വിഷനുകഴിയും.’
- ‘കൗമാരമനസ്സുകളെ ചഞ്ചലപ്പെടുത്തുകയും അവരുടെ പഠനത്തെ തടസ്സപ്പെ ടുത്തുകയും കുടുംബാന്തരീക്ഷത്തെ മരവിപ്പിക്കുകയും മലീമസമാക്കുകയും ചെയ്യുന്ന അപകടമാണ് ടെലിവിഷൻ.’
- ‘ടെലിവിഷന്റെ സാധ്യതകൾ അറിഞ്ഞ് പ്രയോജനപ്പെടുത്തുന്നതാണ് ബുദ്ധി.’

- ടെലിവിഷനെ കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ പരിശോധിച്ച് നിങ്ങളുടെ നിലപാട് യുക്തിപൂർവം സമർത്ഥിക്കുക. *(സ്കോർ 4)*

26. - ദൃശ്യമാധ്യമങ്ങളെ കൂട്ടുപിടിച്ച് വായനയെ തിരിച്ചുകൊണ്ടുവരാൻ കഴിയുന്ന ഒരു സാധ്യ തയാണോ ബ്ലോഗ്? ‘അവനവൻ പ്രസാധകനാവുമ്പോൾ’ എന്ന പാഠഭാഗത്തിലെ ആശയ ങ്ങൾ കൂടി ഉൾപ്പെടുത്തി പരിശോധിക്കുക. *(സ്കോർ 4)*

## യൂണിറ്റ് 5

## <u>പ്രപഞ്ചമിന്നൊരു തറവാടായി</u>

27.
- ഉച്ചാവചങ്ങളാമോമൽ സുമങ്ങളാൽ
  മെച്ചമേറീടുമീയാരാമത്തിൽ
  ദേവൻ വനമാലിക്കാനന്ദമേകാത്ത
  പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ **-കുമാരനാശാൻ**
- ഉണ്ടോഗുണം? കൊൾവിനതൊന്നുമാത്ര-
  മുൽപത്തിയും വംശവുമാരുകണ്ടു?
  ആദ്യൻ മുതൽക്കന്ത്യജനോളമാർക്കും
  പെറ്റമ്മ ഭൂദേവി; പിതാവുദൈവം. **-ഉള്ളൂർ**

- ഇരു കവിതകളും മുന്നോട്ടുവയ്ക്കുന്നത് ഒരേ ജീവിതവീക്ഷണമാണോ? കവിതാഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

28. • ഒരുമതം മതിയിനി - പരസ്പരസ്നേഹ-
മൊരു വർഗം മതി - മനുഷ്യസംജ്ഞകം
ഒരു രാഷ്ട്രം മതി - ധരാതലം നമു-
ക്കൊരു ദൈവം മതി ഹൃദിസ്ഥിതം ദീപം

**-ഉള്ളൂർ**

- തുമ്പപ്പൂവ് എന്ന കവിതയിലെ ആശയം കൂടി പരിഗണിച്ച് ഉള്ളൂർ കവിതയിലെ സമത്വദർശനത്തെക്കുറിച്ച് ഒരു ലഘൂപന്യാസം തയാറാക്കുക. *(സ്കോർ 6)*

29. • ചേറിൽ നിൽക്കുന്ന സിതാംബുജങ്ങൾ
കാറിൽ പിറക്കുന്ന പയഃകണങ്ങൾ
മങ്ങിക്കിടക്കുന്നൊരു പൃഷ്ഠഭൂമി
മഹാർഹചിത്രം വരവാൻ മനോജ്ഞം.

- അടിവരയിട്ട പദങ്ങൾ കവിതയക്ക് നൽകുന്ന ആശയഭംഗി വിശദീകരിക്കുക. *(സ്കോർ 4)*

30. • അര്യമാവിനെ സ്നേഹിക്കുന്ന ധിക്കാരത്തിനു
സൂര്യകാന്തിയെന്നെന്നെ പുച്ഛിപ്പതാണീലോകം **-ജി. ശങ്കരക്കുറുപ്പ്**

• "ദേവൻവനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ
എല്ലാ സുമവുമവന്റെയിച്ഛയ്ക്കൊത്തു
മെല്ലെ വളർന്നുതൻ പൂർണതയിൽ
ചെല്ലാനുഴറുകയാണഗ്ഗതിയാരും
തല്ലിനിർത്താതെ സൂക്ഷിച്ചുകൊൾവിൻ" **- കുമാരനാശാൻ**

- കുമാരനാശാന്റെ ഈ വരികളുടെ പശ്ചാത്തലത്തിൽ, ആര്യമാവിനോടുള്ള സൂര്യകാന്തിയുടെ പ്രണയത്തെ പരിഹസിക്കുന്ന ലോകത്തിന്റെ മനോഭാവത്തെ വിലയിരുത്തുക. *(സ്കോർ 4)*

31. **അനുഭവക്കുറിപ്പ് തയാറാക്കുന്നതിന്.**

- പ്രതികരണക്കുറിപ്പ് തയാറാക്കുക.

• പാരമറിവുള്ളോർ, നല്ലവാക്കോതുവോർ
ക്രൂരതകാട്ടുമോ കുട്ടികളിൽ. **- സഹപാഠികൾ**

- സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ വരികളോട് പ്രതികരിക്കുക. *(സ്കോർ 4)*

32. • പൊന്നുടുപ്പൂരിയിട്ടാദിത്യനീവീട്ടിൻ
പിന്നിലെ തോപ്പിലേയ്ക്കോടിയല്ലോ.

പാണർകളിയുടെ പാട്ടും തുടികൊട്ടും
പാടത്തിന്നക്കരെ കേൾക്കായല്ലോ.

ചെമ്പിൽതാൻവയ്ക്കിലും കാലത്തെ വേവിച്ചോ-
രമ്പിളിപ്പൂവടയാറിയല്ലോ! - **സഹപാഠികൾ**

- കുട്ടിയുടെ കാത്തിരിപ്പിന്റെ ദൈന്യത സമയസൂചനകളിലൂടെ ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണ്? വിവരിക്കുക. *(സ്കോർ 2)*

33. • ഇത് കുചേലന്റെ കുട്ടികൾക്കാശ്രയം
തണൽമരം സ്നേഹസാന്നിദ്ധ്യമുത്സവം
ഇത് പൊതിച്ചോറ് വാസനിക്കുന്നിടം
പ്രഥമസൗഹൃദം പൂത്ത നദീതടം -**കുരീപ്പുഴ ശ്രീകുമാർ**

• പാഠാലയത്തിലെ പ്രാമാണ്യമുള്ളവർ
പാവങ്ങളോടൊത്തിണങ്ങലുള്ളൂ,
പഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും
പങ്കിട്ടെടുത്തു കഴിക്കലുള്ളൂ - **ബാലാമണിയമ്മ**

- രണ്ട് കവികളുടെ വിദ്യാലയസ്മരണകളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. വരികൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. *(സ്കോർ 6)*

34. - തങ്ങൾ പ്രതീക്ഷിച്ചതിൽ നിന്നും തികച്ചും വ്യത്യസ്തമായ അനുഭവമാണ് 'സഹപാഠികളി'ലെ കുട്ടികൾക്ക് ഉണ്ടായത്. ഓണസദ്യയൊരുക്കിക്കാത്തിരുന്ന കുട്ടിയുടെ സങ്കടവും നിരാശയും തോഴനെ അറിയിക്കുന്ന കത്ത് തയാറാക്കുക. *(സ്കോർ 4)*

35. ഉച്ചനീചത്വത്തിനെതിരായ സന്ദേശമാണ് 'സഹപാഠികളി'ലും 'തുമ്പപ്പൂവി'ലും അടങ്ങിയിരിക്കുന്നത്.

- ഈ നിരീക്ഷണത്തിന്റെ സാധുത രണ്ട് കവിതകളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തി കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

36. 'വെള്ളിവെളിച്ചം അങ്ങിങ്ങായി വിതറുന്ന നക്ഷത്രങ്ങൾ മാനംമുട്ടിക്കിടക്കുന്നു. വലിയൊരു ഗോപുരത്തിനും കീഴെ തൂക്കിയിട്ട നക്ഷത്ര വിളക്കുപോലെ ആകാശം കടലിൽ മുട്ടുകുത്തിക്കിടക്കുമ്പോഴും കരകാണാത്ത കൂരിരുട്ട്.'
-**അഴികളില്ലാത്ത ആകാശം**

- ഈ വരികളിലെ കാവ്യാത്മകഭാഷയുടെ സൗന്ദര്യം കണ്ടെത്തി കുറിപ്പ് തയാറാക്കുക.
*(സ്കോർ 4)*

37. • അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറുനിറച്ചുണ്ണുന്നവൻ സത്യവിശ്വാസിയല്ല. - **മുഹമ്മദ് നബി**

- 'നിങ്ങളോട് പലരും പലതും പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാനുണ്ടാകും. അതൊന്നും നിങ്ങൾ കേൾക്കരുത്. ഞാൻ പറയുന്നതും കേൾക്കണമെന്നില്ല. അല്ലാഹുവിന്റെ വാക്കുകളായ ഖുർആനും നബിചര്യകളും മാത്രം നോക്കിനടക്കുക. അയൽവാസികളായ ഹിന്ദുക്കളോട് ഒരിക്കലും ശത്രുതയിൽ വർത്തിക്കരുത്.' എന്ന മുഹമ്മദ് അബ്ദു റഹ്മാന്റെ വാക്കുകളിൽ മേൽക്കൊടുത്ത നബിവാക്യത്തിന്റെ പൊരുൾ എത്രമാത്രം പ്രതിഫലിക്കുന്നുണ്ട്? വിശകലനം ചെയ്ത് കുറിപ്പെഴുതുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

38. • "നിങ്ങളാരാണ്?"

"മോനേ, നീ കറുത്തല്ലോ. അന്റെ കവിളൊട്ടിപ്പോയല്ലോ മോനേ."

അയാൾ അബ്ദുറഹ്മാന്റെ ഇരുകൈകളും പിടിച്ചു തുരുതുരാ ചുംബിച്ചു. കണ്ണീരുതട്ടി സായ്‌വിന്റെ കൈകൾ നനഞ്ഞു. സ്നേഹത്തിന്റെ ഉപ്പുനീര് ശരീരസസുഷിരങ്ങളിലൂടെ ഉള്ളിലൂടെ കിനിഞ്ഞപ്പോൾ അബ്ദുൾ റഹ്മാൻ ആർദ്രനായി.

"ക്ഷമിക്കണം, എനിക്കു മനസ്സിലായില്ല."

"മോനേ, ബെല്ലാരിയിലെ ആക്കോട്ടുകാരൻ കുഞ്ഞാമുവിനെ ഓർമയുണ്ടോ?"

ഓർമയിലെ പ്രകാശം പൊടുന്നനെ വിരിഞ്ഞു.

കുഞ്ഞാമു മുസ്ല്യാർ! അബ്ദുറഹ്മാനെ ആ വൃദ്ധൻ കെട്ടിപ്പിടിച്ചു.

"എങ്ങനെ രക്ഷപെട്ടു?"

"നറ്ക്ക് കിട്ടി, യുദ്ധം കഴിഞ്ഞപ്പള്."

- നോവൽ ഭാഗം വിശകലനം ചെയ്ത് ഭാഷയുടെ സവിശേഷതകൾ കണ്ടെത്തി കുറിപ്പുതയാറാക്കുക.

*(സ്കോർ 4)*

39. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ചിത്രകാരന്മാരെയും അവരുടെ ചിത്രത്തെയും ചേർത്തെഴുതുക.

പാബ്ലോ പിക്കാസോ
ലിയനാഡോ ഡാവിഞ്ചി
വാൻഗോഗ്
രവിവർമ്മ

ജിപ്സികൾ
ഗൂർണിക്ക
മൊണാലിസ
ഉരുളക്കിഴങ്ങ് തിന്നുന്നവർ

*(സ്കോർ 2)*

40. താഴെ കൊടുത്തിരിക്കുന്ന വരിയിൽ നിന്നും സമാനതാളമുള്ള ഈരടികൾ കണ്ടെത്തി എഴുതുക.

- നാളേയ്ക്കു പൂനുള്ളുമുണ്ണികൾ മന്ത്രിച്ചു
  മാലോകരൊക്കെയുമൊന്നുപോലെ
- ഇന്നുമുഴുവൻഞാനേകനായാ
  കുന്നിൻ ചെരിവിലിരുന്നു പാടും
- ദൈവങ്ങളീവിധം ദേവേഷിച്ചു നിൽക്കുകിൽ
  പാവങ്ങളീഞങ്ങളെന്തുചെയ്യും?

*(സ്കോർ 2)*

41. • ധീരനായ സ്വാതന്ത്ര്യസമരസേനാനാനി.

• മഹാനായ മനുഷ്യസ്നേഹി.

• മതസൗഹാർദത്തിന്റെ പ്രയോക്താവ്.

– മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ വികസിപ്പിച്ച് മുഹമ്മദ് അബ്ദുൾ റഹ്മാൻ അനുസ്മരണദിനത്തിൽ നടത്താനുള്ള ഒരു പ്രഭാഷണം തയാറാക്കുക. (അഴികളില്ലാത്ത ആകാശം എന്ന പാഠഭാഗത്തെ ആശയങ്ങളും പരിഗണിക്കണം.) *(സ്കോർ 6)*

42. • 'നാളേക്കു പൂനുള്ളുമുണ്ണികൾ ഘോഷിച്ചു;
മാലോകരെല്ലാരുമൊന്നുപോലെ'

– അടിയിൽ വരയിട്ട പ്രയോഗത്തിന്റെ സൂചിതാർത്ഥം എഴുതുക. *(സ്കോർ 2)*

## യൂണിറ്റ് 6

## അക്കരപ്പച്ച തേടി

43. • മുതലാളിയുടെ ഷോറൂമിലേക്കു കഴിയുന്നത്രപേരെ ആകർഷിക്കുന്നതിനായി പല കോമാളി വേഷങ്ങളും കെട്ടി സ്വയം കോന്തനായും കോന്തപ്പനായും പെരുമാറുന്ന 'മടുത്തകളി'യിലെ കഥാപാത്രം.

• ഇലക്ട്രോണിക് ഉൽപന്നങ്ങളുടെ ഡോർ ടു ഡോർ ഡെലിവറിയുമായി ഉമ്മയുടെ മുന്നിൽ വരുന്ന 'കാട്ടിലേക്കു പോകല്ലേ കുഞ്ഞേ' എന്ന കഥയിലെ കഥാപാത്രം.

– വയറ്റുപ്പിഴപ്പിനുവേണ്ടി പലവിധ വേഷങ്ങളും കെട്ടേണ്ടിവരുന്ന മനുഷ്യരുടെ ദൈന്യമാണ് ഈ രണ്ടു കഥാപാത്രങ്ങളിലും കാണുന്നത്. താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.
*(സ്കോർ 4)*

44. • കോഴിയെ കാർട്ടൻപെട്ടിയിൽ നിന്നിറക്കിയ ഉടൻ ഉമ്മ പറഞ്ഞു: യ്യേ, ഇതും മെഷീൻ കോഴിയാണ്.

അതെങ്ങനെ ഉമ്മാക്കു മനസ്സിലായി?

എനിക്കു തിരിയും ഈ ദുനിയാവിനോടുമുഴുവൻ ഒരു പുച്ഛമുണ്ടാവും മുഖത്ത്. തനിക്കറിയാത്തതായി ഒന്നുമില്ലെന്നു വിചാരിക്കും പാവം. അശ്രദ്ധമമായ കഴുത്തുവെട്ടിക്കലും നടക്കലും കുതിക്കലും എങ്ങോട്ടാണ് പോകേണ്ടതെന്നറിയില്ലാ!

**– കാട്ടിലേക്കു പോകല്ലേ, കുഞ്ഞേ – ശിഹാബ്ദീൻ പൊയ്ത്തുംകടവ്**

• അപ്പോഴതുവഴിക്കെത്തുന്നു കുട്ടികൾ
ആരും പരിചയമില്ലാത്തോർ

മിണ്ടാട്ടം മുട്ടിയ താറാവിൻപറ്റമായ്
മുന്നോട്ടുമാത്രം നടക്കുന്നോർ
ഒക്കെയൊരേനിറക്കുപ്പായമിട്ടവർ
പുസ്തകമേറ്റിയ കൂനുള്ളോർ
ചങ്കിലായെന്തോ മുറുകിപിടയുന്നോർ
എങ്കിലും ചുണ്ടിൽ ചിരിയുള്ളോർ

**-മഴപ്പൊട്ടൻ - മോഹനകൃഷ്ണൻ കാലടി**

- ആശയം, കാവ്യഭംഗി ഇവയുടെ അടിസ്ഥാനത്തിൽ ഈ രണ്ടു വാങ്മയചിത്രങ്ങളെയും താരതമ്യം ചെയ്ത് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

45. "മോരിന് എന്താ ഇംഗ്ലീഷ്ന്ന് ബെച്ചാല് അതൊരു കോപ്പ."

ഷോക്കേറ്റപോലെ വേഷം മിന്നിമറഞ്ഞു.

**- മോരിന്റെ പര്യായം**

"ആട്ടെ ഇസ്തിരിപ്പെട്ടിക്കെന്താ വെല"

"ടു ഹണ്ട്രഡ് ആന്റ് ഫിഫ്റ്റി റുപ്പീസ്"

"എനിക്ക് ഇതിന്റെ ഇംഗ്ലീശൊന്നും തിരീല."

"ഞാനാരു മുപ്പതുറുപ്പിക തരും. നീ അതുകൊണ്ട് കബൂലാക്കണം."

**- കാട്ടിലേയക്കു പോവല്ലേ കുഞ്ഞേ.**

- കഥാസന്ദർഭങ്ങളിൽ തെളിയുന്ന സാമൂഹ്യവിമർശനത്തിന്റെ സമകാലികപ്രസക്തി കണ്ടെത്തി വിശദീകരിക്കുക. *(സ്കോർ 4)*

46. വികാരവിചാരങ്ങളുള്ള മനുഷ്യരെ കേവലം കോമാളിയാക്കുന്നതിന്റെ തീക്ഷ്ണമായ വേദനകളാണ് 'മടുത്ത കളി'യിലും 'മോഡേൺ ടൈംസി'ലും ആവിഷ്കരിച്ചിരിക്കുന്നത്. ഈ നിരീക്ഷണത്തിന്റെ സാധുത പാഠഭാഗങ്ങളെ ആസ്പദമാക്കി പരിശോധിക്കുക. *(സ്കോർ 4)*

47. "എന്റെ കളി കഴിഞ്ഞു മുതലാളി, കോന്തപ്പനും മരിച്ചു."

- 'കളി', 'കോന്തപ്പൻ' എന്നീ പദങ്ങൾ കഥാസന്ദർഭത്തിനുനൽകുന്ന പ്രത്യേകമായ അർത്ഥതലങ്ങൾ കണ്ടെത്തി എഴുതുക. *(സ്കോർ 2)*

48. 'വേഷങ്ങൾക്കുള്ളിൽ സ്വയം നഷ്ടപ്പെടുന്ന ആധുനിക മനുഷ്യന്റെ പ്രതിനിധിയാണ് 'മടുത്ത കളി'യിലെ നായകൻ.'

- ഈ നിരീക്ഷണത്തോട് പ്രതികരിക്കുക. *(സ്കോർ 4)*

49. "വേഷംകെട്ടി നിൽക്കുമ്പോൾ ഓർക്കും ഇവിടെ എനിക്ക് പേരെന്തിന്? ഷോറൂമിന്റെ മുമ്പിൽ നഗരവീഥിയിലേക്ക് ഇറങ്ങിനിൽക്കുന്ന വിചിത്രജീവി."

– 'മടുത്തകളി'യിലെ കഥാനായകന്റെ ആത്മവേദനയാണ് ഈ വരികളിൽ തെളിയുന്നത്. കഥയിൽ നിന്നും കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്രനിരൂപണം തയാറാക്കുക. *(സ്കോർ 2)*

50. "കെമിസ്ട്രിയിൽ ഒന്നാമനായിട്ടാ മകൻ പാസായത്. ഏതുകാര്യത്തിലും അവൻ മിടുക്കനാ. ഇവിടെ എവിടെയെങ്കിലും ഒരു ജോലി."

"ഷോറൂമിന്റെ മുമ്പിൽ അതേ വികൃതവേഷം; അതേശബ്ദം... കുറേക്കൂടി അടുത്തേയ്ക്കു ചെന്നു. അതു ഞാൻ തന്നെയായിരുന്നു– എന്റെ മകൻ."

– ദരിദ്രർ ദരിദ്രരായി തുടരുന്ന അവസ്ഥയ്ക്ക് ഇന്നത്തെ സാമൂഹികാവസ്ഥ കാരണമാകുന്നുണ്ടോ? സ്വാഭിപ്രായം യുക്തിപൂർവം സമർത്ഥിക്കുക. *(സ്കോർ 4)*

51. "ചലികെട്ടിയ ഫയൽക്കെട്ടുകൾ
ഇപ്പടിപ്പുരതൻ <u>ചുമർപ്പൊത്തിൽ</u>
ഇതിലുണ്ടേറെ <u>കദ്രുപുത്രന്മാരുറങ്ങുന്നു.</u>"

– അടിവരയിട്ട പ്രയോഗങ്ങൾ ധ്വനിപ്പിക്കുന്ന ആശയങ്ങൾ വിശകലനം ചെയ്യുക. *(സ്കോർ 2)*

52.
- "ചുട്ടകൽപ്പടവുകൾതോറും
മഞ്ഞുവീണുയരുന്ന ഗന്ധവും
കാട്ടുപൊന്തകളുടെ ശ്യാമച്ഛായയും
കുളത്തിലെ
സ്വച്ഛമാം ജലത്തിന്റെ കുളിരും
ഞാനീ ശുദ്ധിയിൽ മുഴുകട്ടെ." **– മോഷ്ടിച്ചെടുത്ത രാത്രി**

- "കടലിന്നപസ്മാരം;
കാറ്റിനോ നിത്യം കാസം;
കുരച്ചുതുപ്പുന്നെങ്ങും
ക്ഷയരോഗിയാം മേഘം." **– രോഗി**

– പ്രകൃതിയുമായി ബന്ധപ്പെട്ട ഈ രണ്ടു കവിതാഭാഗങ്ങളിലെയും അനുഭവങ്ങൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

53. 'ഇരമ്പും പകൽച്ചൂടും പൊടിയും
ദാഹങ്ങളുമിരവേട്ടയും ക്രൗര്യങ്ങളുമൊഴിഞ്ഞും
ഒളിഞ്ഞു പതുങ്ങിയും നഗരം കടന്നേൻ ഞാൻ'

– ഈ വരികളിലൂടെ കവി ധ്വനിപ്പിക്കുന്ന നഗരത്തിന്റെ അകംകാഴ്ചകളെന്തൊക്കെ? സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

54.
- 'ഇരമ്പും പകൽച്ചൂടും പൊടിയും
ദാഹങ്ങളുമിരവേട്ടയും ക്രൗര്യങ്ങളുമൊഴിഞ്ഞും
ഒളിഞ്ഞു പതുങ്ങിയും നഗരം കടന്നേൻ ഞാൻ'
**– മോഷ്ടിച്ചെടുത്ത രാത്രി**

- “കീഴ്പ്പടവുകളിൽ കുപ്പിച്ചില്ലുകൾ പാകി
  കയറിപ്പോകുന്നവരാരോ” **- പാർക്കിൽ**

- നഗരജീവിതത്തിലെ ഉൾപ്പോരുകൾ വ്യക്തമാക്കാൻ കക്കാടിന്റെ ഈ കവിതാഭാഗങ്ങൾ എത്രത്തോളം ശക്തമാണ്? വിശകലനം ചെയ്യുക. *(സ്കോർ 6)*

55. “കറുത്തനായ ഒരു കാട്ടുപോത്ത് കടൽക്കരയിൽ അൽപം പുറംതിരിഞ്ഞിരിക്കുമ്പോ ലെയാണ് ഞങ്ങളുടെ പള്ളിക്കുന്ന്.”

- പള്ളിക്കുന്നിനു നൽകിയിരിക്കുന്ന വിശേഷണത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ? കണ്ടെത്തി എഴുതുക. *(സ്കോർ 2)*

56. “അയൽപക്കത്തെ പൂവൻകോഴി പരാക്രമം മൂത്തുവന്നപ്പോ പേടിച്ചു പറന്നു പാഞ്ഞു കയറിയാതാ ഓള്, ഒളിഞ്ഞുനോക്കിനിൽക്കുന്ന കുറുക്കന്റെ മുന്നിലേക്ക്!”
**- കാട്ടിലേയ്ക്കു പോകല്ലേ കുഞ്ഞേ**

- കഥാസന്ദർഭത്തിൽ സൂചിതമാകുന്ന സാമൂഹ്യപ്രശ്നം എന്ത്? കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

57. “ആതിര മണം ചേർത്ത
വെൺ-
കുളിർ
തെന്നൽ
നിറഞ്ഞും
ചുറ്റിപ്പിണഞ്ഞും
തളിർത്തും തഴയ്ക്കവേ” **- മോഷ്ടിച്ചെടുത്ത രാത്രി**

- കവിതയുടെ ഈ ഭാഗത്ത് ഒറ്റയൊറ്റപ്പദങ്ങളായി വരികൾ വിന്യസിച്ച് ക്രമത്തിൽ പൂർണ വാക്യത്തിലേക്കു വളരുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക. *(സ്കോർ 4)*

58. “മുട്ടതിന്നുമാത്രം ശീലമുള്ള നിനക്കതുപറഞ്ഞാ മനസ്സിലാവൂലാ ഹംക്കേ”

ഞാൻ സമാധാനിപ്പിച്ചു.

“ഉമ്മാ, രണ്ടു രൂപ കൊടുത്താ പീടികേന്ന് മുട്ട കിട്ടും.”

ഉമ്മ പറഞ്ഞു: “ഒരു മുട്ടയെന്നു പറഞ്ഞാ രണ്ടുരൂപയല്ല!”

“പിന്നെയെന്താണ്?” .... വാക്കുകളില്ലാതെ അവരെന്നെ നോക്കി.

- ഉപഭോക്തൃ സംസ്കാരം ചോർത്തിക്കളഞ്ഞ ഏതൊക്കെ നന്മകളിലേക്കാണ് ഈ സന്ദർഭം വിരൽചൂണ്ടുന്നത്? കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

59. “ഒരു സാധനം വാങ്ങുന്നോരാ വെല ഇടേണ്ടത്. അല്ലാതെ കമ്പനിയല്ല.”

- ഉമ്മയുടെ ഈ അഭിപ്രായത്തെ സാധൂകരിക്കാനുള്ള യുക്തികൾ കണ്ടെത്തുക. *(സ്കോർ 2)*

60. “ഉമ്മ പറഞ്ഞു മുട്ടയെന്നാൽ രണ്ടുരൂപയല്ല.”

“ഒരു സാധനം വാങ്ങുന്നോരാ വെല ഇടേണ്ടത്. അല്ലാതെ കമ്പനിയല്ല.”

“മോർച്ചറിയിൽ നിന്നു വന്നപ്പോൾ ഉമ്മ കരിനാക്ക് നബീസയെ പ്രാകുകയായിരുന്നു..... എന്നിട്ടും കരിനാക്ക് നബീസ വന്നപ്പോൾ ഉമ്മ ചായ കൊടുത്തു. ... വർത്താനം പറഞ്ഞു.”

– ‘കാട്ടിലേക്കു പോകല്ലേ കുഞ്ഞേ’ എന്ന കഥയിലെ ഉമ്മയുടെ ചില സംഭാഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. കൂടുതൽ കഥാസന്ദർഭങ്ങൾ പരിഗണിച്ച് കഥാനിരൂപണം തയാറാക്കുക. *(സ്കോർ 6)*

61. “ഉമ്മ പറഞ്ഞു മുട്ടയെന്നാൽ രണ്ടുരൂപയ്ല്ല.”

– കൂടുതൽ കഥാസന്ദർഭങ്ങൾ പരിഗണിച്ച് കഥാനിരൂപണം തയാറാക്കുക. *(സ്കോർ 6)*

***